ഉത്തരം

ഗ്രാമപഞ്ചായത്ത്. പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ നടുവണ്ണൂരിൽ ഒരു സെക്ഷനാഫീസ് ആരംഭിക്കുവാനുള്ള സാദ്ധ്യതാപഠനം വൈദ്യുതി ബോർഡ് നടത്തിവരികയാണ്. എന്നാൽ സർക്കാർ പ്രഖ്യാപിച്ച പുതിയ വൈദ്യുതിനയം നടപ്പാക്കിക്കഴിഞ്ഞു മാത്രമേ ബോർഡ് പുതിയ ഓഫീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളുകയുള്ളു.

79 (1929) സെക്ഷൻ ആഫീസായി ഉയർത്താൻ നടപടി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ ഉച്ചക്കടയിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓവർസീയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) ഇക്കൊല്ലം തന്നെ പ്രസ്തുത ആഫീസ് പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉച്ചക്കടയിൽ പ്രവർത്തിക്കുന്ന ഓവർസിയർ ഓഫീസ് സെക്ഷനാഫീസായി ഉയർത്താനുള്ള ഒരു നിർദ്ദേശം മുൻപ് വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ടായിരുന്നു. എന്നാൽ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച പുതിയ ഊർജ്ജനയം പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞു മാത്രം പുതിയ ഓഫീസുകളുടെ രൂപീകരണം പരിഗണിച്ചാൽ മതി എന്നാണ് ബോർഡിന്റെ ഇപ്പോഴത്തെ തീരുമാനം.

80 (1930) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് മുൻഗണന

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് മുൻഗണന നൽകുന്നതിന് നിലവിൽ സംവിധാനമുണ്ടോ എന്ന് വിശദീകരിക്കുമോ;

(ബി) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് വ്യവസായം ആരംഭിക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ യഥാസമയം ലഭ്യമാകാത്തതിനാൽ ഉൽപ്പാദനം നടത്താൻ കഴിയാതെ കടക്കെണിയിൽപ്പെടുന്നു എന്നതു സംബന്ധിച്ച് നിവേദനങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉൽപ്പാദനം തുടങ്ങാൻ വൈദ്യുതി കണക്ഷൻ മാത്രം മതി എന്നു ബോദ്ധ്യപ്പെട്ടാൽ അടിയന്തിര പരിഗണന നൽകി കണക്ഷൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly